# പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4818 01-07-2013 ന് മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

(എ) ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ;

(എ) ഇക്കോ ടൂറിസം മേഖലയിൽ വനംവകുപ്പിന്റെ കീഴിൽ നിലവിലുണ്ടായിരുന്നവയെ കൂടാതെ പുതിയ ഇക്കോ ടൂറിസം പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടില്ല. എന്നാൽ കോന്നി ഡിവിഷനിൽ കോന്നി അടവി ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും, ഇതിനായി ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ 53 സ്ഥലങ്ങളിൽ നടപ്പിലാക്കി വരുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വനം വികസന കോർപ്പറേഷൻ വഴി പൊന്മുടി, ഗവി, കോട്ടൂർ, പുറക്കാട്, അരിപ്പ, മൂന്നാർ, കമ്പമല, കുറുവദ്വീപ്, നെല്ലിയാമ്പതി എന്നിവിടങ്ങളിൽ സന്ദർശകർക്ക് വനദർശനത്തിനായി ക്യാമ്പ് ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) നാദാപുരം നിയോജക മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാദാപുരം നിയോജക മണ്ഡലത്തിൽ കോഴിക്കോട് വനവികസന ഏജൻസിയുടെ മേൽനോട്ടത്തിൽ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(സി) എങ്കിൽ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

(സി) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി അലങ്കാര മത്സ്യപ്രദർശനത്തിനായി ഒരു അക്വേറിയം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് വനവികസന ഏജൻസിയുടെ മേൽനോട്ടത്തിൽ ഒരു വാർഷിക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ടൂറിസ്റ്റുകൾക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, വാഹന പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പ്രവേശന ടിക്കറ്റ് കൗണ്ടർ കമ്പ്യൂട്ടർവൽക്കരിക്കുക, വനസമ്പത്ത് നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും വന-വന്യജീവി സംരക്ഷണത്തെക്കുറിച്ചുമുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമായി പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ പരിപാടികൾ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ

## വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികളുടെ ലിസ്റ്റ്

**തിരുവനന്തപുരം ജില്ല** -
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്,
അരിപ്പ,
കല്ലാർ,
നെയ്യാർ,
പേപ്പാറ,
പൊൻമുടി

**കൊല്ലം ജില്ല** -
പാലരുവി (തെൻമല),
ശെന്തുരുണി,
മണലാർ-കുംഭാവുരുട്ടി (അച്ചൻകോവിൽ)

**പത്തനംതിട്ട ജില്ല** -
കോന്നി,
കൊച്ചാണ്ടി.

**ഇടുക്കി ജില്ല** -
തേക്കടി,
മൂന്നാർ,
ഇരവികുളം,
ചിന്നാർ.
ഇടുക്കി,
തൊമ്മൻകുത്ത്,
കുട്ടിക്കാനം-കോലഹലമേട്,
ചെല്ലാർകോവിൽ

**എറണാകുളം** -
ഭൂതത്താൻകെട്ട്,
തട്ടേക്കാട്,
മംഗളവനം,
കോടനാട്,
മുളംകുഴി,
പനേലിപോറ്

**തൃശ്ശൂർ ജില്ല** -
ആതിരപ്പള്ളി (വാഴച്ചാൽ),
ചിമ്മിണി,
പീച്ചി-വാഴാനി

**പാലക്കാട് ജില്ല** -
പറമ്പിക്കുളം,
ചൂലന്നൂർ,
നെല്ലിയാംപതി,
സൈലന്റ്‌വാലി,
മലമ്പുഴ,
വാളയാർ,
അനങ്ങൻമല

| | | |
|---|---|---|
| മലപ്പുറം | - | നിലമ്പൂർ,<br>നെടുങ്കയം |
| കോഴിക്കോട് ജില്ല | - | ജാനകിക്കാട്,<br>കക്കയം,<br>പെരുവണ്ണാമൂഴി,<br>ചാലിയം,<br>കടലുണ്ടി,<br>തുഷാരഗിരി,<br>കക്കാട് |
| വയനാട് ജില്ല | - | തോൽപ്പെട്ടി,<br>മുത്തങ്ങ,<br>പക്കം-കുറുവാ,<br>തിരുനെല്ലി,<br>ബാണാസുരമല,<br>മാനന്തവാടി,<br>മീൻമുട്ടി |
| കണ്ണൂർ ജില്ല | - | ആറളം |
| കാസർകോട് | - | റാണിപുരം |